**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** — **09-02-2023 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്തെ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം 2019 -ൽ നിലവിൽ വന്നു. 'അരികെ' എന്ന സമഗ്ര സാന്ത്വന ചികിത്സാ പരിപാടിയാണ് പുതുക്കിയ നയം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയെ ശാക്തീകരിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടേയും ഇതര വകുപ്പുകളുടേയും സഹകരണം ഉറപ്പിക്കുകയുമാണ് പാലിയേറ്റീവ് നയത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം. ഇതിലൂടെ നിലവിലുള്ള സാന്ത്വന ചികിത്സാ പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുകയും, കൂടുതൽ പ്രവർത്തകർക്ക് സാന്ത്വന ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുകയും ചെയ്യാൻ കഴിയും. ഇതിനായി സർക്കാർ തലത്തിൽ പരിശീലന - പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രത്യേകം കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16.11.2022 തീയതിയിലെ സ.ഉ(സാധാ) നം. 2744/2022/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും, പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും, പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം കൂടുകയും, പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും തുടർനടപടി സ്വീകരിച്ചു വരുകയുമാണ്.<br><br>കേരളം രാജ്യത്തിനാകെ മാതൃകയാകുന്ന രീതിയിൽ സാന്ത്വന പരിചരണ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. സാന്ത്വന പരിചരണ പദ്ധതി ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യ തലം മുതൽ ജില്ലാ /ജനറൽ / |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ് ആശുപത്രികൾ വരെ സജ്ജമാണ് എന്നത് കേരളത്തിന്റെ മാത്രം ഒരു സവിശേഷതയാണ്. സംസ്ഥാന സർക്കാർ പുറത്തിറക്കിയ പുതുക്കിയ പാലിയേറ്റീവ് കെയർ നയം പ്രകാരം ഈ മേഖലയിലുള്ള ഇതര വകുപ്പുകളേയും അക്കാഡമിക് സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോട്ടു കൂടി കൂടുതൽ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. അങ്ങനെ ഒരു സംമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനമായി കേരളം മാറുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ